# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

<u>2021 നവംബർ 1, തിങ്കളാഴ്ച</u>

**നമ്പർ 44**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

<u>ചോദ്യങ്ങൾ</u> :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

<u>മന്ത്രിയുടെ പ്രസ്താവന (നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്)</u> :

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 2021 ഒക്ടോബർ 25-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 267-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തികൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി മേശപ്പുറത്തുവച്ചു.

<u>അടിയന്തരപ്രമേയം</u> :

തീവ്ര മഴയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി ജലനിരപ്പ് താഴ്ത്തുന്നതിലും പുതിയ ഡാം പണിയണമെന്നുള്ള ആവശ്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തലയും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടതിന്റെയും അർഹതയുള്ളവർക്കെല്ലാം പട്ടയം നൽകേണ്ടതിന്റെയും മഴക്കെടുതിമൂലം ദുരിതം അനുഭവിച്ചവർക്ക് നഷ്ടപരിഹാരം സമയബന്ധിതമായി നൽകേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. പി. എസ്. സുപാൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കോഴിക്കോട്-മൈസൂരു-കൊല്ലഗൽ ദേശീയപാത 766-ലെ രാത്രികാല ഗതാഗത നിരോധനം നീക്കുന്നതിനായി നാറ്റ്പാക്കിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഐ. സി. ബാലകൃഷ്ണൻ പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ജി. എസ്. ജയലാൽ | ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. എസ്. അരുൺ കുമാർ | മാവേലിക്കരയിൽ പട്ടികജാതി വകുപ്പിന് കീഴിൽ സിവിൽ സർവ്വീസ് അക്കാദമി | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 3 | ശ്രീ. എം. നൗഷാദ് | പ്രോവിഡന്റ് ഫണ്ട് കൊല്ലം റീജിയണൽ ഓഫീസിന് സ്ഥലം പാട്ടത്തിന് നൽകുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | അങ്കമാലിയിൽ ബാംബൂ കോർപ്പറേഷൻ വക ഭൂമിയിൽ ഇ. എസ്. ഐ. ആശുപത്രി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. കെ. എം. അഷ്റഫ് | ഹൊസങ്കടിയിലും, മഞ്ചേശ്വരത്തും റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | കാഞ്ഞാണി-മുല്ലശ്ശേരി റോഡ് പുനർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ആൻസലൻ | കന്നിപ്പുറം, മുള്ളറവിള ആയയിൽ പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. മാത്യു ടി. തോമസ് | കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | കൊച്ചി മെട്രോയുടെ ഭാഗമായി തൃപ്പൂണിത്തുറ SN ജംഗ്ഷൻ വികസനം | മുഖ്യമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

(i) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(ii) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(iii) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

<u>നിയമനിർമ്മാണകാര്യം :</u>

<u>2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബിൽ എന്നിവയുടെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും പ്രസ്തുത ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റി VII -ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. റോജി എം. ജോൺ നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സനീഷ്കുമാർ ജോസഫും, ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ജി. സ്റ്റീഫനും അവതരിപ്പിച്ച് സംസാരിച്ചു.

ഡോ. എം. കെ. മുനീർ 2021-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എം. വിൻസെന്റ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. എം. മണി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ആൻസലനും അവതരിപ്പിച്ച് സംസാരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീമതി കെ. കെ. രമ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. എം. മണിയും, ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും അവതരിപ്പിച്ച് സംസാരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. പി. സി. വിഷ്ണുനാഥ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ജോയിയും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. കെ. വിജയനും അവതരിപ്പിച്ച് സംസാരിച്ചു.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) 2021-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. മോൻസ് ജോസഫ് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എൻ. എ. നെല്ലിക്കുന്നും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. കെ. രാമചന്ദ്രനും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടു തൊഴിലാളി (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2021 നവംബർ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.33-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, November 1, 2021*

**No. 44**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

Statement by Minister (Correction of answer to Starred Question).

Statement correcting answer and the Corrected answer to Starred question No. 267 dated 25th October, 2021 of Third session of Fifteenth Kerala Legislative Assembly was laid on the Table by Shri V. Sivankutty, Minister for General Education and Labour.

*Adjournment Motion*:

After hearing the Minister for Water Resources, the Speaker withheld consent to the moving of an adjournment motion given notice of by Shri Ramesh Chennithala and five other Members regarding the serious situation reported to have arisen consequent on the failure of the Government in lowering the maximum water level of Mullaperiyar Dam in view of incessant rains and in protecting the interests of the State by presenting its demand for a new dam at Mullaperiyar in the Supreme court.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

KNPP. 1920/2021 (ii).

- *Calling Attention* :

1. Shri P. S. Supal called the attention of the Minister for Revenue and Housing to the necessity to complete re-survey proceedings in the State, issue title deed to all those who are eligible and disburse compensation to those affected by the rain havoc in a time bound manner. The Minister made a statement thereto.

2. Shri I. C. Balakrishnan called the attention of the Minister for Public Works and Tourism to the necessity to implement the proposals of the NATPAC to remove the ban on night traffic on the Kozhikode-Mysuru-Kollegal National Highway 766. The Minister made a statement thereto.

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ജി. എസ്. ജയലാൽ | ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. എസ്. അരുൺ കുമാർ | മാവേലിക്കരയിൽ പട്ടികജാതി വകുപ്പിന് കീഴിൽ സിവിൽ സർവ്വീസ് അക്കാദമി | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 3 | ശ്രീ. എം. നൗഷാദ് | പ്രോവിഡന്റ് ഫണ്ട് കൊല്ലം റീജിയണൽ ഓഫീസിന് സ്ഥലം പാട്ടത്തിന് നൽകുന്നതിന് നടപടി | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | അങ്കമാലിയിൽ ബാംബൂ കോർപ്പറേഷൻ വക ഭൂമിയിൽ ഇ. എസ്. ഐ. ആശുപത്രി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. എ. കെ. എം. അഷ്റഫ് | ഹൊസങ്കടിയിലും, മഞ്ചേശ്വരത്തും റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. മുരളി പെരുനെല്ലി | കാഞ്ഞാണി-മുല്ലശ്ശേരി റോഡ് പുനർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | കന്നിപ്പുറം, മുള്ളറവിള ആയയിൽ പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. മാത്യു ടി. തോമസ് | കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | കൊച്ചി മെട്രോയുടെ ഭാഗമായി തൃപ്പൂണിത്തുറ SN ജംഗ്ഷൻ വികസനം | മുഖ്യമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

(i) Report of Subject Committee-VI on The Kerala Self Financing College Teaching and Non-Teaching Employees (Appointment and Conditions of Service) Bill, 2021.

(ii) Report of Subject Committee -VI on The Kerala Education (Amendment) Bill, 2021.

(iii) Report of Subject Committee-IX on The Kerala Public Service Commission (Additional Functions as respects the services under Waqf Board) Bill, 2021.

*Legislative Business* :

<u>Introduction and motion for reference to Subject Committee of The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021, The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments (Amendment) Bill, 2021 and The Kerala Headload Workers' (Amendment) Bill, 2021.</u>

Shri V. Sivankutty, Minister for General Education and Labour introduced The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021, The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments (Amendment) Bill, 2021 and The Kerala Headload Workers' (Amendment) Bill, 2021 and laid the statements under rule 75(1). Then the Minister moved that the bills be referred to Subject Committee VII.

Shri K. Babu (*Thripoonithura*) as authorised by Shri. P. T. Thomas moved the ordinance disapproval motion in respect of The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021 and spoke. Shri Roji M. John as authorised by Shri. Sunny Joseph seconded the motion and spoke. Shri Saneeshkumar Joseph as authorised by Shri Shafi Parambil moved an amendment to circulate the Bill for eliciting public opinion and Shri. G. Steephen as authorised by Shri. A. C. Moideen moved another amendment for referring the Bill to a Select Committee and spoke.

Dr. M. K. Muneer moved the ordinance disapproval motion in respect of The Kerala Shops and Commercial Establishments Workers' Welfare Fund (Amend ment) Bill, 2021 and spoke. Shri M. Vincent seconded the motion and spoke. Shri Thiruvanchoor Radhakrishnan moved an amendment to circulate the Bill for eliciting public opinion and Shri K. Ansalan as authorised by Shri M. M. Mani moved another amendment for referring the Bill to a Select Committee and spoke.

Shri T. V. Ibrahim moved the ordinance disapproval motion in respect of The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021 and spoke. Shri N. Samsudheen as authorised by Smt. K. K. Rema seconded the

motion and spoke. Shri M. M. Mani as authorised by Shri K. N. Unnikrishnan moved an amendment to circulate the Bill for eliciting public opinion and Shri Eldose P. Kunnappillil moved another amendment for referring the Bill to a Select Committee and spoke.

Prof. Abid Hussain Thangal moved the ordinance disapproval motion in respect of The Kerala Shops and Commercial Establishments (Amendment) Bill, 2021 and spoke. Shri P. C. Vishnunadh seconded the motion and spoke. Shri V. Joy as authorised by Shri Xavier Chittilappilly moved an amendment to circulate the Bill for eliciting public opinion and Shri E. K. Vijayan as authorised by Shri G. S. Jayalal moved another amendment for referring the Bill to a Select Committee and spoke.

Shri K. Babu (*Thripoonithura*) as authorised by Shri P. T. Thomas moved the ordinance disapproval motion in respect of The Kerala Headload Workers' (Amendment) Bill, 2021 and spoke. Shri Mons Joseph seconded the motion and spoke. Shri N. A. Nellikkunnu moved an amendment to circulate the Bill for eliciting public opinion and Shri K. K. Ramachandran as authorised by Smt. K. K. Shailaja Teacher moved another amendment for referring the Bill to a Select Committee and spoke.

After discussion and reply by the Minister for General Education and Labour, the ordinance disapproval motions were declared lost. The amendments moved were withdrawn with the leave of the House. Then the Motion for referring The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021, The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021, The Kerala Shops and Commercial Establishments (Amendment) Bill, 2021 and The Kerala Headload Workers' (Amendment) Bill, 2021 to Subject Committee VII was adopted and the Bills were referred to the Subject Committee VII.

The House adjourned at 5.33 p.m. to meet again at 9.00 a.m. on Tuesday November 2, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*